LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് പ്രകാരം മരണപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ ഭാര്യ, ഭർത്താവ്, മകൻ, മകൾ, എന്നിവരിൽ ഒരാൾക്ക് മുൻഗണനാക്രമത്തിലാണ് ആശ്രിത നിയമനം നൽകേണ്ടത്. അതുകൊണ്ട് മരണമടഞ്ഞ നികേഷിന്റെ സഹോദരന്റെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല. മാത്രമല്ല, മരണമടഞ്ഞ ഉദ്യോഗസ്ഥന്റെ ഭാര്യയുടെ ആശ്രിത നിയമന അപേക്ഷ മറ്റ് അനന്തരാവകാശികളുടെ സമ്മതം കൂടാതെ തന്നെ പരിഗണിക്കാവുന്നതാണ്. ശ്രീമതി ജിതാമോൾ 29-6-2008 തീയതി ഒ.പി. നമ്പർ 24462/02 പ്രകാരം കേരളാ ഹൈക്കോടതിയിൽ നിന്ന് ടിയാൾക്ക് അനുകൂലമായ വിധിയും സമ്പാദിച്ചിട്ടുള്ളതാണ്. അതനുസരിച്ച് ശ്രീമതി ജിതാമോളുടെ അപേക്ഷ 7-11-2002 തീയതിയിൽ പോലീസ് ആസ്ഥാനത്തു നിന്ന് സർക്കാരിലേക്ക് അയച്ചിട്ടുള്ളതാണ്. എന്നാൽ ശേഷം നടന്ന അന്വേഷണത്തിൽ ശ്രീമതി ജിതാമോൾ പുനർവിവാഹം ചെയ്തതായും പുനർവിവാഹത്തെത്തുടർന്ന് ജിതേഷിന്റെ മരണാനന്തരാനുകൂല്യങ്ങൾ തനിക്ക് ആവശ്യമില്ലെന്ന് ജിതാമോൾ മൊഴിയും നൽകിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നിലവിലുള്ള ആശ്രിത നിയമന വ്യവസ്ഥയിലെ അപാകതകൾ തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജിതേഷിന്റെ മാതാവ് ശ്രീമതി അമ്മിണി ജോസഫ് സമർപ്പിച്ച പെറ്റീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. പോലീസ് ആസ്ഥാനത്തുനിന്ന് സർക്കാരിന് അയച്ച കത്ത് സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

22. ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ.-യ്ക്ക് പരിക്കേറ്റ സംഭവം

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, കഴിഞ്ഞ ദിവസം യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നിയമസഭയിലേക്ക് പിൻവാതിൽ നിയമനങ്ങൾക്കെതിരായി ഒരു നിയമസഭാ മാർച്ച് സംഘടിപ്പിച്ചിരുന്നു. ഞാൻ അന്ന് ഈ സഭയിൽ പങ്കെടുത്ത് എന്റെ നിയോജക മണ്ഡലത്തിലെ ഒരു സബ്മിഷനും ഉന്നയിച്ച ശേഷമാണ് സഭയിൽനിന്നും മാർച്ചിൽ പങ്കെടുക്കാൻ പോയത്. ആ മാർച്ച് നിയമസഭയുടെ മുന്നിൽ യുദ്ധസ്മാരകത്തിന്റെ അടുത്ത് പോലീസ് തടഞ്ഞു. യാതൊരു പ്രകോപനവുമില്ലായിരുന്നു. അതിന്റെ ദൃശ്യങ്ങൾ കണ്ടിട്ടുള്ള അങ്ങേക്ക് അടക്കം അറിയാം, പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ അറിയാം. യാതൊരു പ്രകോപനവുമില്ലാതെ മാർച്ച് സംഭവസ്ഥലത്ത് എത്തിയപ്പോൾത്തന്നെ പോലീസ് ആദ്യം ജലപീരങ്കി ഉപയോഗിച്ചു. അതിനുശേഷം ടിയർഗ്യാസ് പൊട്ടിച്ചു. പിന്നീട് ഗ്രനേഡും പൊട്ടിച്ചു. ഇതൊന്നും പൊട്ടിക്കേണ്ട ഒരു സാഹചര്യവും അവിടെ ഉണ്ടായിരുന്നില്ല. എന്റെ മുന്നിൽ നിന്നുകൊണ്ടു തന്നെയാണ് തലയ്ക്ക് അടിച്ചു വീഴ്ത്തിയത്. നേരിൽ കണ്ടുതന്നെ അടിച്ചതാണ്. എനിക്ക് നെറ്റിയിലാണ് പരിക്ക്. സ്കാൻ ചെയ്ത റിപ്പോർട്ടുണ്ട്. ഇന്റേണൽ ഇഞ്ചുറി ഒന്നുമില്ല. സെല്ലിംഗാണുള്ളത്. 48 മണിക്കൂർ ഒബ്സർവ്വേഷൻ വേണമെന്ന് പറഞ്ഞു. നെറ്റി മുഴച്ചിരിക്കുന്നതുകൊണ്ട് അവിടെ കിടക്കണമെന്ന് പറഞ്ഞു. പക്ഷേ രണ്ടു ദിവസം കൂടി സഭയിൽ വരണമെന്നുള്ളതുകൊണ്ട്

ഞാൻ ഡോക്ടർക്ക് എഴുതിക്കൊടുത്ത് ഡിസ്ചാർജ്ജ് വാങ്ങി പോരുകയായിരുന്നു. ഈ കാര്യം പോലീസ് അന്വേഷിക്കുന്നതിൽ എനിക്ക് വിശ്വാസമില്ല. അങ്ങയിൽ വിശ്വാസമുണ്ട്. അങ്ങ് എന്റെ കാര്യം ആശുപത്രിയിൽ വിളിച്ച് അന്വേഷിച്ചു. അതിൽ എനിക്ക് അങ്ങയോട് നന്ദിയുണ്ട്. ഈ സഭയിൽ അങ്ങയുടെ പ്രൊട്ടക്ഷനിലുള്ള ആളായ എന്നെ, സഭ നടക്കുന്ന സമയത്ത്, സഭയിൽ നിന്ന് ഇറങ്ങി ഒരു സമരത്തിൽ പങ്കെടുക്കാൻ പോയ എന്നെ നേരിട്ട് അടിച്ചു വീഴ്ത്തിയ പോലീസുകാർക്കെതിരെ നടപടിയെടുക്കാൻ അങ്ങുതന്നെ ഒരു അന്വേഷണം നടത്തണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, 21-2-2011-ന് ഉച്ചയ്ക്ക് ഇവിടെ സമീപത്തു നടന്ന സംഘർഷത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് ദൗർഭാഗ്യകരമായി പരിക്കേൽക്കുകയുണ്ടായി. എന്നാൽ അങ്ങനെ സംഭവിക്കാനിടയായ കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു നിലപാടല്ല സർക്കാരിനുള്ളത്. അദ്ദേഹം ഈ നടന്ന കാര്യങ്ങളെക്കുറിച്ച് ഒരു പുനഃപരിശോധന നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ് എന്നാണ് പറഞ്ഞത്. പ്രകടനം 12.45 മണിയോടുകൂടി ഓൾഡ് വാർ മെമ്മോറിയൽ ഭാഗത്ത് എത്തിയപ്പോൾ തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണർ ജോളി ചെറിയാൻ, കൺട്രോൾമെന്റ് എ. സി. കൃഷ്ണൻനായർ എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം ബാരിക്കേഡ് തീർത്ത് പ്രകടനക്കാരെ തടഞ്ഞു. ഇതൊരു പുതിയ സംഭവമല്ല. എല്ലാ കാലത്തും അവിടെനിന്ന് ഇങ്ങോട്ട് പ്രകടനം വരാൻ അനുവദിക്കുകയില്ല. എന്നാൽ, ഒരു പ്രകോപനവുമില്ലാതെ പ്രകടനക്കാർ അക്രമാസക്തരാകുകയും പോലീസ് ബാരിക്കേഡ് തള്ളിയിട്ട് ജാഥയുടെ പിൻഭാഗത്തുനിന്ന് പോലീസിനെ കല്ലെറിയുകയും ചെയ്തു. തുടർന്ന് അക്രമാസക്തരായ പ്രകടനക്കാരെ നിമയവിരുദ്ധമായ സംഘം ചേരലായി പ്രഖ്യാപിച്ചു. സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ശ്രീമതി ചന്ദ്രിക അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിലേയ്ക്ക് നിയമാനുസരണ ഉത്തരവ് നൽകിയിട്ടുള്ളതാണ്. അക്രമാസക്തരായ പ്രകടനക്കാരെ പിരിച്ചുവിടുന്നതിന് ജലപീരങ്കി ഉപയോഗിച്ചിട്ടും പിരിഞ്ഞുപോകാതെ പോലീസുകാർക്കുനേരെ കല്ലെറിയുകയും കല്ലേറിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്ക് പറ്റുകയും ചെയ്തതിൽ പ്രകടനക്കാരെ പിരിച്ചു വിടുന്നതിലേക്ക് മൂന്നു കണ്ണീർ വാതക ഷെല്ലുകൾ ഉപയോഗിച്ചു. പല പോലീസ് ഉദ്യോഗസ്ഥരേയും അങ്ങേക്ക് നേരിട്ട് പരിചയമുള്ളവരാണ്. അതിൽ കൃഷ്ണൻ നായരുടെ കണ്ണിന് പറ്റിയ പരിക്ക് നോക്കുക, സ്വയം പറ്റിച്ചതല്ലല്ലോ ? കല്ല് വന്നു കൊണ്ടിട്ടുള്ളതല്ലേ ? ബഹുമാപ്പെട്ട അംഗം പറഞ്ഞതുപോലെയല്ല അവിടെ സംഭവങ്ങൾ നടന്നത്. ഈ സമയം എം.എൽ.എ.-യുടെ ഭാഗത്തുനിന്നുള്ള പ്രവർത്തകർ പോലീസ് പാർട്ടിയെ കയ്യേറ്റം ചെയ്തു. തുടർന്ന് പോലീസ് ലാത്തി വീശി പ്രകടനക്കാരെ പിരിച്ചുവിട്ടു. ഈ സംഭവത്തിൽ ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ., ശ്രീ. ലിജു എന്നിവരുൾപ്പെടെ 12-ഓളം യുത്ത്

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സ് പ്രവർത്തകർക്ക് പരിക്ക് പറ്റി. ഞാൻ അതിന്റെ വീഡിയോ കണ്ടു. അടിക്കുന്ന സന്ദർഭം വീഡിയോയിൽ കാണുന്നില്ല. അതിനുശേഷമുള്ള സമയത്ത് ബഹുമാനപ്പെട്ട എം.എൽ.എ.-യെ പത്തു പോലീസുകാർ സുരക്ഷിത വലയം തീർത്ത് നിൽക്കുന്നതായ ചിത്രമാണ് എനിക്ക് കാണാൻ കഴിഞ്ഞത്. .....അടിച്ചില്ലെന്ന് ഞാൻ പറഞ്ഞില്ല. എനിക്ക് വീഡിയോ കാണാൻ കഴിഞ്ഞില്ലന്നേ പറഞ്ഞുള്ളൂ. അതിനുശേഷം ഞാൻ കാണുന്ന സമയം എം.എൽ.എ.-യെ സംരക്ഷിക്കുന്നതിനുവേണ്ടി പത്തോളം പോലീസുകാർ ചുറ്റും വളഞ്ഞു നിൽക്കുന്ന ഒരു നിലയാണ് കണ്ടത്. എം.എൽ.എ. ഉൾപ്പെടെ പരിക്കേറ്റ പ്രകടനക്കാരെ ഉടൻതന്നെ പോലീസ് വാഹനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച് പ്രാഥമിക ചികിത്സ നൽകിയിട്ടുണ്ട്. പ്രകടനക്കാരുടെ കല്ലേറിൽ പരിക്കുപറ്റിയ കന്റോൺമെന്റ് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ശ്രീ. കൃഷ്ണൻ നായർ, കന്റോൺമെന്റ് സി. ഐ. ശ്രീ. സുരേഷ്, മ്യൂസിയം സി. ഐ. ശ്രീ. ദിനിൽ, സീനിയർ സിവിൽ പോലീസ് ഓഫിസർ ശ്രീ. ജോസ്കുമാർ, സിവിൽ പോലീസ് ഓഫീസർമാരായ ധർമ്മരാജ്, ബൈജു എന്നീ ആറ് പോലീസ് ഉദ്യോഗസ്ഥരെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചിട്ടുണ്ട്. അതിൽ അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. കൃഷ്ണൻ നായർക്ക് ഏറ്റ മുറിവ് ഗുരുതരമായിട്ടുള്ളതാണ്. ഈ സംഭവത്തിന് മ്യൂസിയം സർക്കിൾ ഇൻസ്പെക്ടർ വാദിയായി ഇൻഡ്യൻ ശിക്ഷാ നിയമം 143, 147, 148, 149, 332, 308 എന്നീ വകുപ്പുകൾ പ്രകാരം നിയമവിരുദ്ധമായി ജനക്കൂട്ടത്തിൽ ചേരുക, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരുത്തുന്ന തരത്തിൽ ദേഹോപദ്രവമേൽപ്പിക്കുക, കുറ്റകരമായ നരഹത്യ ചെയ്യാൻ ശ്രമിക്കുക എന്നീ കുറ്റങ്ങൾക്കുവേണ്ടി ക്രൈം 131/2011 ആയി ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ., ശ്രീ. ലിജു തുടങ്ങിയ 150-ഓളം പെരെ പ്രതികളാക്കി മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തു. യൂത്ത് കോൺഗ്രസ്സ് നേതാക്കൾ നടത്തിയ നിയമസഭാ മാർച്ചിന് നിയമാനുസൃതമുള്ള അനുവാദം തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറിൽനിന്ന് വാങ്ങിയിട്ടില്ലാത്തതുമാണ്.

മി. സ്പീക്കർ : 306 എടുത്തിട്ടുണ്ടോ ?

ഡോ. തോമസ് ഐസക് : 306 ഉണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇവിടെ ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോയെന്നുള്ളതല്ല പ്രശ്നം. ഈ സഭയിലെ ഒരു മെമ്പർ പോലീസിന്റെ അടികൊണ്ട് പരിക്ക് പറ്റി മെഡിക്കൽ കോളേജിൽ സ്കാനിംഗ് നടത്തി 48 മണിക്കൂർ ഒബ്സർവേഷനിൽ കിടക്കണമെന്ന് ഡോക്ടർ പറഞ്ഞ കാര്യം ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറയുന്ന അവസരത്തിൽ അവിടെ സമരം ചെയ്തവരുടെ പേരിൽ കേസെടുത്തിട്ടുണ്ടെന്ന് ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത് വളരെ നിർഭാഗ്യകരമായിപ്പോയി. ഈ സഭയ്ക്കൊരു പാരമ്പര്യമുണ്ട്. ഈ സഭയിലെ ഒരു അംഗത്തിന് സഭ നടന്നു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്ന അവസരത്തിൽ ഏതെങ്കിലും വിധത്തിൽ ഒരു അപകടമുണ്ടായാൽ, ഒരു പരിക്ക് പറ്റിയാൽ ഈ സഭ കാട്ടുന്ന ഒരു മര്യാദയുണ്ട്. അത് ഭരണ പ്രതിപക്ഷ വ്യത്യാസത്തിന്റെ പേരിലല്ല. ആ മര്യാദ ഇവിടെ പാലിച്ചുകണ്ടില്ല. അതൊരു വേദനാജനകമായൊരു സംഭവമാണ്. നിയമം ലംഘിച്ചാൽ നടപടിയെടുക്കുന്നതിൽ ഞാൻ ഒരിക്കലും ഇടപെടില്ല. പക്ഷേ എം.എൽ.എ.-യുടെ പേരിൽ വധശ്രമത്തിന് കേസ്സെടുക്കുകയെന്നുള്ളത് ശരിയായ നടപടിയല്ല. ഒരു വിദ്യാർത്ഥി സമരം, അതും പിൻവാതിൽ നിയമനത്തിനെതിരെ നടത്തിയ യുവജനസമരത്തിനെതിരെ, ഒരു എം.എൽ.എ.-യുടെ പേരിൽ വധശ്രമത്തിന് കേസ് എടുക്കുകയെന്ന് പറയുന്നത് കേട്ടുകേൾവിയില്ലാത്ത കാര്യമാണ്. ഈ സമയത്ത് നിങ്ങൾക്ക് എന്തും ചെയ്യാം എന്നുള്ള നിലയിൽ പല നടപടികളും ചെയ്യുന്നുണ്ട്. പക്ഷേ ഇത് ശരിയാണോ ; ഇത് ഈ നാടിന്റെയും നമ്മുടെ പാരമ്പര്യത്തിനും സഭയുടെ കീഴ്വഴക്കത്തിനും ചേരാത്തതാണെന്ന കാര്യം മനസ്സിലാക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, ഞാൻ അന്ന് വൈകുന്നേരം മെഡിക്കൽ കോളേജിൽപ്പോകുകയും ശ്രീ. പി. സി. വിഷ്ണുനാഥിനെയും പരിക്കേറ്റ പോലീസ് ഉദ്യോഗസ്ഥരേയും കാണുകയും ചെയ്തു. അതിൽ ശ്രീ. എ. സി. കൃഷ്ണൻനായരുടെ പരിക്ക് വളരെ ഗുരുതരമാണ്. സ്വൽപ്പംകൂടി മാറിയിരുന്നെങ്കിൽ കണ്ണ് നഷ്ടപ്പെടുമായിരുന്നു. .....(ബഹളം)..... പോലീസ് ഒരുപക്ഷേ അതുവച്ചുകൊണ്ടുള്ള നടപടിയായിരിക്കാം സ്വീകരിച്ചത്. സർക്കാർ അത് പരിശോധിക്കാം. .....(തടസ്സം).....

മി. സ്പീക്കർ : സഭയിലെ ബഹുമാനപ്പെട്ട അംഗത്തിന് പരിക്കേറ്റ കാര്യമാണ്. അതുകൊണ്ട് വിശദമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് മാത്രമല്ല ഞാനും പോയ സമയത്ത് ഈ പോലീസ് ഉദ്യോഗസ്ഥരെ കണ്ടിട്ടാണ് പോന്നത്.

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

I ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ (ആർടി.) നമ്പർ 134/2011/ഹോം. തീയതി 17-1-2011 (എസ്.ആർ.ഒ. നമ്പർ 48/2011.)
2. ജി.ഒ (ആർടി.) നമ്പർ 161/2011/ഹോം. തീയതി 17-1-2011 (എസ്.ആർ.ഒ. നമ്പർ 49/2011.)

II. റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ക്ഷേത്രവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly